പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ നടപടി

130 [906] ശ്രീ. കെ. എൻ. എ. ഖാദർ :

,, പി. കെ. കെ. ബാവ :

,, സി. മമ്മൂട്ടി :

,, ഇസ്ഹാക്ക് കുരിക്കൾ :

,, സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും രോഗികളെ കിടത്തി ചികിൽസിക്കുവാനും അത്യാവശ്യ പരിശോധനകൾക്ക് സൗകര്യം ഏർപ്പെടുത്താനും നടപടി സ്വീകരിക്കുമോ ;

(സി) കൂടുതൽ ഡോക്ടർമാരെ ഇവിടങ്ങളിൽ നിയമിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ഡി) സർക്കാർ ആശുപത്രികളിൽ നിന്ന് ലീവെടുത്ത് സ്വകാര്യ, വിദേശ ആശുപത്രികളിൽ ജോലി ചെയ്യുന്ന ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും തിരിച്ചുവിളിക്കുവാൻ സർക്കാരിന് ഉദ്ദേശമുണ്ടോ ;

(ഇ) എങ്കിൽ അവർക്ക് കൂടുതൽ ശമ്പളവും മറ്റു ആനുകൂല്യവും നൽകുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 1. സർക്കാരിന്റെ ഭരണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 100 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ നടപടി എടുത്തുവരുന്നു.

2. സംസ്ഥാനത്തെ പി. എച്ച്. സി.-കളിലെ സേവനം സ്റ്റാൻഡേർഡൈസ് ചെയ്യുന്നതിനായി തയ്യാറാക്കപ്പെട്ട മാർഗ്ഗരേഖ പരിശോധിച്ചുവരുന്നു.

3. യൂറോപ്യൻ കമ്മീഷന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന സെക്ടർ ഇൻവെസ്റ്റ്മെന്റ് പ്രോഗ്രാമിന്റെ ജില്ലാ പദ്ധതിയിൽ കൊല്ലം ജില്ലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. ആർ. സി. എച്ച്. പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ല ഒഴികെ എല്ലാ ജില്ലകളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിന് ജില്ലക്ക് 10 ലക്ഷം രൂപ പ്രകാരം ഒരു പി.എച്ച്.സി.-ക്ക് പരമാവധി രണ്ട് ലക്ഷം രൂപ എന്ന തോതിൽ ചെലവഴിച്ചിട്ടുണ്ട്.

5. എം.പി., എം.എൽ.എ. എന്നിവരുടെ പ്രാദേശിക വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് എന്നിവ ഉപയോഗിച്ച് കെട്ടിടം പൂർത്തിയാക്കിയിട്ടും കിടത്തി ചികിൽസ നടത്താതിരുന്ന 201 സ്ഥാപനങ്ങളിലായി 1200 തസ്തികകൾ സൃഷ്ടിച്ച് പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

6. കൂടാതെ ഗ്രാമീണ മേഖലയിലുള്ള ആശുപത്രികളുടേയും പി.എച്ച്.സി-കളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ നിന്നും സഹായം തേടുന്നതിനായി 435 സ്ഥാപനങ്ങൾക്കുള്ള പ്രോപ്പോസൽ നബാർഡിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും കിടത്തി ചികിൽസ സൗകര്യം ഏർപ്പെടുത്തുവാൻ വലിയ സാമ്പത്തിക ബാദ്ധ്യത വരുന്നകാര്യമായതിനാൽ അടിസ്ഥാന സൗകര്യങ്ങളും ഭൗതിക സാഹചര്യങ്ങളുമുള്ള കേന്ദ്രങ്ങളിൽ ഈ സൗകര്യം ഏർപ്പെടുത്തുവാൻ നടപടി കൈക്കൊണ്ടുവരുന്നു.

(സി) 15-7-2004-ലെ സ.ഉ.(എം)എസ്.) 152/2004/ആ.കു.വ. പ്രകാരം 201 സ്ഥാപനങ്ങളിൽ 335 ഡോക്ടർമാരുൾപ്പെടെ 1200 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പി.എസ്.സി. വഴിയുള്ള ഡോക്ടർമാരുടെ നിയമനം നടന്നുവരുന്നു.

(ഡി, ഇ) നിയമപരമായി അർഹതയുള്ള ലീവെടുത്ത് വിദേശത്ത് ജോലി ചെയ്യുന്നവർ സമയം കഴിഞ്ഞ് മടങ്ങി വന്നില്ലെങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കാറുണ്ട്. കൂടുതൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാൻ ആലോചനയില്ല.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ പി.എച്ച്.സി.-കളിൽ രോഗികളെ കിടത്തി ചികിൽസിക്കാൻ നടപടി

131 [907] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ എത്ര പി.എച്ച്.സി.-കളിൽ രോഗികളെ കിടത്തി ചികിൽസിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കൂടുതൽ പി.എച്ച്.സി.-കളിൽ രോഗികളെ കിടത്തി ചികിൽസിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly